# റഷ്യൻ സൈന്യത്തിൽ നിന്ന് മോചനം തേടുന്ന ഇന്ത്യക്കാരെ സംബന്ധിച്ച മാധ്യമ റിപ്പോർട്ടുകൾ

ഫെബ്രുവരി 26, 2024

റഷ്യൻ സൈന്യത്തിൽ നിന്നുള്ള മോചനത്തിന് സഹായം തേടുന്ന ഇന്ത്യക്കാരുമായി ബന്ധപ്പെട്ട് ചില തെറ്റായ റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ വന്നിട്ടുള്ളത് ശ്രദ്ധയിൽ പെടുകയുണ്ടായി.

മോസ്കോയിലെ ഇന്ത്യൻ എംബസിയുടെ ശ്രദ്ധയിൽ വന്നിട്ടുള്ള അത്തരത്തിലുള്ള എല്ലാ കേസുകളും റഷ്യൻ അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുകയും മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളവ ന്യൂഡൽഹിയിലെ റഷ്യൻ എംബസിയുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തിട്ടുണ്ട്. തൽഫലമായി നിരവധി ഇന്ത്യക്കാർക്ക് ഇതിനകം സൈന്യത്തിൽ നിന്ന് വിടുതൽ ലഭിച്ചിട്ടുണ്ട്.

റഷ്യൻ സൈന്യത്തിൽ നിന്ന് എത്രയും വേഗം മോചനം ലഭിക്കുന്നതിന് ഇന്ത്യക്കാരുടെ പ്രസക്തമായ എല്ലാ കേസുകളും അങ്ങേയറ്റം പ്രാധാന്യം നൽകി റഷ്യൻ അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുന്നതിന് വിദേശകാര്യ മന്ത്രാലയം പ്രതിജ്ഞാബദ്ധമാണ്.

**ന്യൂഡൽഹി**
**ഫെബ്രുവരി 26, 2024**